# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത | 16-05-2017 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 4078

# വിഴിഞ്ഞം തുറമുഖ നിർമ്മാണ പുരോഗതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ശ്രീ. സി.എഫ്.തോമസ് | : | ( തുറമുഖവും മ്യൂസിയവും പുരാവസ്തു |
| ഡോ. എൻ. ജയരാജ് | : | സംരക്ഷണവും വകുപ്പ് മന്ത്രി) |
| ശ്രീ. മോൻസ് ജോസഫ് | : | |

| | | | |
|---|---|---|---|
| (എ) | വിഴിഞ്ഞം തുറമുഖ നിർമ്മാണം ആരംഭിച്ചപ്പോൾ ലക്ഷ്യമിട്ടിരുന്ന രീതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | തുറമുഖ പ്രവർത്തനത്തിന് അനുബന്ധ സൗകര്യങ്ങൾ എന്തെങ്കിലും സംസ്ഥാന സർക്കാർ ചെയ്യേണ്ടതായി കരാറിൽ വ്യവസ്ഥയുണ്ടോ ; | (ബി) യും (സി) യും | ഉണ്ട്. ദേശീയ പാത 66 നെ തുറമുഖവുമായി ബന്ധിപ്പിക്കുന്ന നാല് വരി റോഡ് നിർമ്മിക്കേണ്ടതുണ്ട്. ഇതിന്റെ നിർമ്മാണ ചുമതല സ്വകാര്യ പങ്കാളിക്കാണ്. ഭൂമിയേറ്റെടുത്ത് സ്വകാര്യ പങ്കാളിക്ക് കൈമാറിക്കഴിഞ്ഞു. തിരുവനന്തപുരം - നാഗർകോവിൽ റെയിൽ പാതയെ തുറമുഖവുമായി ബന്ധിപ്പിക്കുന്ന 12 കി.മീ നീളമുള്ള റെയിൽ പാതയുടെ നിർമ്മാണവും നടത്തേണ്ടതുണ്ട്. ഇതിലേക്ക് കേന്ദ്ര പൊതുമേഖല സ്ഥാപനമായ റെയിൽ വികാസ് നിഗം ലിമിറ്റഡുമായി ധാരണപത്രം ഒപ്പുവയ്ക്കുകയും റെയിൽ വികാസ് നിഗം ലിമിറ്റഡ് പദ്ധതിക്കായുള്ള വിശദ പഠനറിപ്പോർട്ട് തയ്യാറാക്കി റെയിൽ മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ഭൂമിയേറ്റെടുക്കൽ നടപടി ആരംഭിക്കുന്നതാണ്. |
| (സി) | എങ്കിൽ ആയതിന്റെ പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണ് ; വിശദാംശം നൽകുമോ ? | | |

സെക്ഷൻ ഓഫീസർ